# 14

# ഈസേബേൽ അംഗമായിരുന്ന സഭ

## (2:18- 29)

നമ്മുടെ പഠനത്തിൽ, ആസ്യയിലെ മൂന്നു പ്രധാനപ്പെട്ട പട്ടണങ്ങളെ നാം കണ്ടുകഴിഞ്ഞു: എഫെസൊസ്, സ്മുർന്ന, പെർഗമൊസ്. ഇനി നമുക്ക് കരയിൽ കിഴക്കോട്ട് സഞ്ചരിച്ച് തുയഥൈരയിലേക്ക് നീങ്ങാം.[1] ഏതാണ്ട് സമ്പത്തുള്ള ഒരു പട്ടണമായിരുന്നു തുയഥൈര, എന്നാൽ മിക്ക ആളുകളും വിചാരിച്ചിരുന്നത്, അത് പെർഗമൊസിൽനിന്നു സർദ്ദീസിലേക്കുള്ള യാത്രാമദ്ധ്യയുള്ള അപ്രസക്തമായ ഒരു ഇടത്താവളപട്ടണമായിട്ടാണ്. ആസ്യയിലെ മറ്റു പട്ടണങ്ങളെ അപേക്ഷിച്ച് ''ചുരുങ്ങിയ രീതിയിൽ അറിയപ്പെട്ടതും, പ്രാധാന്യം കുറഞ്ഞതും, അത്ര ശ്രദ്ധിക്കപ്പെടാത്തതുമായ ഒരു പട്ടണമായിരുന്നു.”[2] തുയഥൈര.

ഞാനും എന്റെ ഭാര്യയും തുർക്കി സന്ദർശിച്ചപ്പോൾ, ഞങ്ങളുടെ ഗൈഡു പോലും വിചാരിച്ചത് തുയഥൈര അപ്രധാനസ്ഥലമായിട്ടായിരുന്നു. ഇസ്മിറിലായിരുന്ന ഒരു രാത്രി, അടുത്ത ദിവസം പെർഗമൊസിലേക്കും തുയഥൈരയിലേക്കും യാത്ര ചെയ്യുന്നതിനെ കുറിച്ച് ചർച്ച ചെയ്തപ്പോൾ ഞങ്ങളോട് പറഞ്ഞു, “ഗൈഡ് പറയുന്നത് തുയഥൈര സന്ദർശിക്കേണ്ട ആവശ്യമില്ല. അവിടെ പോയാൽ രാത്രിയിലേ തിരിച്ചെത്താൻ കഴിയു, തന്നെയുമല്ല അവിടെ അധികമൊന്നും കാണുവാനുമില്ല.” ഞാൻ ഉച്ചത്തിൽ പറഞ്ഞു, “മറ്റുള്ളവരുടെ കാര്യം എനിക്ക് അറിയില്ല, ഞാൻ വന്നിരിക്കുന്നത് ഏഴ് സഭകളുണ്ടായിരുന്ന എല്ലാ സ്ഥലവും കാണുവാനാണ്!”

മറ്റുള്ളവർക്കും അങ്ങനെ തോന്നി, അതുകൊണ്ട്, അടുത്ത ദിവസം പെർഗമൊസ് സന്ദർശിച്ചശേഷം, ഇസ്മിറിലേക്ക് മടങ്ങുന്നതിന് പകരം, ഒട്ടും സന്തോഷമില്ലാതെ ഞങ്ങളുടെ ഗൈഡ് ഞങ്ങളെ തുയഥൈരയിലേക്ക് കൊണ്ടുപോയി. ഞങ്ങൾ അവിടെ എത്തിയപ്പോഴേക്കും രാത്രിയായി, ഗൈഡ് പറഞ്ഞതു ശരിയായിരുന്നു: കാഴ്ച്ചക്ക് അധികമൊന്നുമില്ലായിരുന്നു – പഴയ കുറെ പാറകളും, നിറം മങ്ങിയ ചില ഭൂതകാലാവശിഷ്ടങ്ങളും മാത്രം.[3] രാത്രി വളരെ താമസിച്ചു മാത്രമെ ഞങ്ങൾക്ക് ഇസ്മീറിലെത്തുവാൻ കഴിഞ്ഞുള്ളു, ഞങ്ങളെല്ലാം വളരെ ക്ഷീണിച്ചുപോയിരുന്നു. എങ്കിലും ഞങ്ങൾ പോയതുകൊണ്ട് എനിക്ക് സന്തോഷമുണ്ടായി. ആ നാശാവശിഷ്ടങ്ങൾക്കിടയിൽനിന്ന് ഹാർവേ പോർട്ടർ വായിച്ചുകേട്ടപ്പോൾ എന്റെ ഹൃദയം ഇളകി:

> തുയഥൈര സഭയുടെ ദൂതന്ന് എഴുതുക:
>
> അഗ്നിജ്വാലക്കൊത്ത കണ്ണും വെള്ളോട്ടിന്ന്, സദൃശമായ കാലുമുള്ള ദൈവപുത്രൻ അരുളിച്ചെയ്യുന്നത്: “ഞാൻ നിന്റെ പ്രവൃത്തിയും, നിന്റെ സ്നേഹം, വിശ്വാസം, ശുശ്രൂഷ, സഹിഷ്ണുത എന്നിവയും

അറിയുന്നു ...” (2:18, 19).

മറ്റുള്ള എഴുത്തുകൾ വായിക്കുന്നതിനു എടുത്തതിനേക്കാൾ സമയം തുയഥൈരക്കുള്ള എഴുത്തുകൾ വായിക്കുവാൻ പോർട്ടർ എടുത്തു. എഫെസൊസിനുള്ള എഴുത്തിൽ ഏഴ് വാക്യങ്ങളേയുള്ളു, സ്മുർന്നക്കുള്ളതിൽ നാലു വാക്യങ്ങളും, പെർഗമൊസിനുള്ള എഴുത്തിൽ ആറു വാക്യങ്ങളുമാണുള്ളത്, പക്ഷെ തുയഥൈരക്കുള്ള എഴുത്തിൽ പ ന്ത്രണ്ടു വാക്യങ്ങളുണ്ട്. എഴുത്തുകളിൽ വെച്ച് ഏറ്റുവും നീണ്ടതും ഘടനാത്മകവും അതാണ്. ഒന്നാം നൂറ്റാണ്ടിലെ എഴുത്തുകാർക്കോ, ഇരുപതാം ന ൂറ്റാണ്ടിലെ ഗൈഡിനോ അത് അത്ര പ്രാധാന്യമുള്ള സ്ഥലമായിരുന്നില്ല, എന്നാൽ യേശുവിന് പ്രാധാന്യമുള്ള സ്ഥലമായിരുന്നു അത്! യേശുവിന് ന്യൂയോർക്ക് പട്ടണത്തിലും, ലണ്ടനിലും, ടോക്കിയോവിലും, സിഡ്നിയിലും മാത്രമല്ല; ജുഡ്സോനിയയിലും, അർക്കൻസാസിലും; ഡെമെരാരയിലും, ഗയാനയിലും; പോർട്ട് ഹാർട്ട്കോർട്ടിലും, നൈജീരിയയിലും, ഇന്ത്യയിലെ ഹൈദ്രാബാദിലും താല്പര്യമുണ്ട്.

തുയഥൈരയെ കുറിച്ച് ആദ്യ എഴുത്തുകാർ അധികമൊന്നും പ റഞ്ഞിട്ടില്ലെങ്കിലും, അവർ ചെയ്തത് ഉദ്ദ്യോദിപ്പിക്കുന്നതാണ്. തുയഥൈര വലുതല്ലെങ്കിലും, അത് വ്യവസായത്തിന്റേയും വ്യാപാരത്തിന്റേയും കേന്ദ്രമായിരുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ, “തുയഥൈരപട്ടണക്കാരിയായ ലുദിയ എന്നു പേരുള്ള ഒരു സ്ത്രീ രക്താംബരം വിറ്റുകൊണ്ടിരുന്നതായി നാം വായിക്കുന്നു” (16:14). പട്ടണം അതിന്റെ കമ്പിളി വ്യവസായത്തിനും രക്താംബര വസ്ത്രത്തിനും പേർ കേട്ടിരുന്നു, രക്താംബരം രൂപപ്പെടുത്തി എടുത്തിരുന്നത് അധികം അറിയപ്പെടാത്ത ശുക്തി മൽസ്യത്തിൽനിന്നായിരുന്നു.

വ്യാവസായസംഘടനകൾക്ക് പ്രസിദ്ധമായിരുന്നു തുയഥൈര. “പുരാതനലോകത്തെ മറ്റു പട്ടണങ്ങളേക്കാൾ ഒരുപക്ഷെ നല്ല രീതിയിൽ സംഘടിപ്പിക്കപ്പെട്ട സംഘടനകളായിരുന്നു അവിടെയുണ്ടായിരുന്നത്.”[4] സംഘടനകൾ, തുകൽ - ജോലിക്കാർക്കും, കമ്പിളി, ലിനൻ നെയ്ത്തുകാർക്കും, ലോഹപ്പണിക്കാർക്കും, മൺപാത്രജോലിക്കാർക്കും, വസ്ത്രനിർമ്മാതാക്കൾക്കും, നിറം കൊടുക്കുന്നവർക്കും, മറ്റെല്ലാ തൊഴിലുകൾക്കുമുണ്ടായിരുന്നു. ആ സംഘടനകൾ വളരെ ശക്തമായിരുന്നു: ഒരു സംഘടനയിൽ അംഗമാകാതെ, ഒരാൾക്ക് ഒരു ജോലി കണ്ടെത്തുക പ്രയാസമായിരുന്നു.[5] ഉദാഹരണത്തിന്, ബേക്കറിക്കാരുടെ സംഘടനയിൽ അംഗമാകാതെ, ഒരാൾക്ക് ബേക്കറിജോലി ലഭിക്കുക പ്രയാസമായിരുന്നു.

“ഓരോ സംഘടനക്കും അതിന്റേതായ രക്ഷാധികാരിയായ ദേവനും, ആഘോഷങ്ങളും, പ്രത്യേക കാലത്തെ ഉൽസവങ്ങളും, അതിൽ ലൈംഗിക അധാർമ്മികത്വവും ഉൾപ്പെട്ടിരുന്നു എന്നിവയെല്ലാമാണ് ക്രിസ്ത്യാനികൾ നേരിട്ട പ്രശ്നം.”[6] സംഘടനായോഗങ്ങളിൽ വിളമ്പിയിരുന്ന ഭക്ഷണം വിഗ്രഹങ്ങൾക്ക് മുൻപിൽ വെച്ചതായിരുന്നു, ദുർന്നടപ്പും ആചരിച്ചിരുന്നു.[7] രണ്ടാം നൂറ്റാണ്ടായപ്പോൾ ക്രിസ്ത്യാനികൾ അത്തരം സംഘടനകളിൽ ചേരരുത് എന്ന് അവരുടെ അദ്ധ്യക്ഷന്മാർ പഠിപ്പിച്ചു - എന്നാൽ വെളിപ്പാട് എഴുതിയപ്പോഴും, ക്രിസ്ത്യാനികൾ ഇത്തരം പ്രതിസന്ധി നേരിട്ടുകൊണ്ടാണിരുന്നത്. അവരുടെ കഷ്ടസ്ഥിതിയെ അനുമോദിക്കുവാൻ,

നിങ്ങൾ ഒരു മുസ്ലിമോ, ബുദ്ധമതക്കാരനോ, ബഹായി വിശ്വാസിയോ അല്ലെങ്കിൽ നിങ്ങൾക്ക് ജോലിയില്ല എന്നു പറയുന്ന ഒരവസ്ഥ സങ്കൽപിക്കണം.[8] അങ്ങനെ ഒരു സാഹചര്യം നിങ്ങൾക്ക് നേരിട്ടാൽ, നിങ്ങൾ നിങ്ങളുടെ വിശ്വാസത്തെ ബലികഴിക്കുമോ, അതോ നിങ്ങളുടെ കുടുംബത്തെ പട്ടിണിക്കിടുമോ?

എഴുത്തുകളിൽ വെച്ച് നീണ്ട എഴുത്ത് നാം പഠിക്കുമ്പോൾ ആ ചോദ്യം നിങ്ങളുടെ ഉള്ളിൽ സൂക്ഷിക്കുക.

### വന്ദനം (2:18)

ഈ വന്ദനത്തോടുകൂടിയാണ് എഴുത്ത് ആരംഭിക്കുന്നത്: "തുയഥൈരയിലെ സഭയുടെ ദൂതന്ന് [സന്ദേശവാഹകൻ] ..." (വാ. 18). തുയഥൈരയിൽ സഭ സ്ഥാപിക്കപ്പെട്ടത് എപ്പോഴാണെന്ന് നമുക്ക് അറിയില്ല. ഒരുപക്ഷെ ലുദിയയും കുടുംബവും വീട്ടിലേക്ക് തിരിച്ചുപോയപ്പോൾ അവരുടെ വിശ്വാസം അവിടെ പങ്കിട്ടിരിക്കാം, അല്ലെങ്കിൽ പൗലൊസ് എഫെസൊസിലായിരുന്നപ്പോൾ ആരംഭിച്ചതാകാം (പ്രവൃത്തികൾ 19:10).

### യേശുവിന്റെ വിവരണം (2:18)

താൻ തന്നെയാണ് ലേഖകൻ എന്ന് കാണിക്കേണ്ടതിന്ന് യേശു പിന്നെ അദ്ധ്യായം 1 ലെ ഏതാനും വാക്കുകളോടുകൂടി - പ്രധാനപ്പെട്ട ഒന്നുകൂടെ ചേർത്ത് പറഞ്ഞു: "അഗ്നിജ്വാലക്ക് ഒത്ത കണ്ണും വെള്ളോട്ടിന്ന് സദൃശമായ കാലുമുള്ള, ദൈവപുത്രൻ ..."[9] (2:18). ("നിലവിളക്കുകളുടെ നടുവിൽ നടക്കുന്ന യേശുവിന്റെ ദർശനം" എന്ന ഈ പുസ്തകത്തിൽ നേരത്തെ വന്ന ചിത്രീകരണം നോക്കുക.) കൂട്ടിച്ചേർത്ത പ്രയോഗം "ദൈവപുത്രൻ" എന്നാണ്. അദ്ധ്യായം 1-ൽ "മനുഷ്യപുത്രനോട് സദൃശനായവൻ" എന്നു പറഞ്ഞത് യേശുവായിരുന്നോ എന്ന കാര്യത്തിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ അത് ഇതോടെ നീങ്ങി.

തന്നെക്കുറിച്ച് മൂന്നു സത്യങ്ങൾ യേശു ആ ഇടവകയെ അറിയിച്ചു: (1) അവൻ തെറ്റിപ്പോകാത്തവൻ, അവൻ "ദൈവപുത്രനാണ്." (2) അവൻ സർവ്വവ്യാപിയാണ്: അവന് "അഗ്നിജ്വാല പോലെയുള്ള കണ്ണുണ്ട്," "ഞാൻ അറിയുന്നു" എന്നു പറഞ്ഞുകൊണ്ടാണ് അടുത്ത വാക്യം ആരംഭിക്കുന്നത്. വാക്യം 23-ൽ യേശു ഊന്നി പറഞ്ഞു, "ഞാൻ ഉൾപൂവുകളെയും നിനവുകളെയും ആരായുന്നവൻ." (3) അവൻ നീതിമാനാണ്: "അവന്റെ കാൽ വെള്ളോട്ടിന് സദൃശം." (ഈ പുസ്തകത്തിൽ ആദ്യം വന്നതായ "നിലവിളക്കുകളുടെ നടുവിൽ നടക്കുന്ന യേശുവിന്റെ ദർശനം" എന്ന ചിത്രീകരണം നോക്കുക.) ആദ്ധ്യായം 1-ൽ "ഉലയിൽ ചുട്ടുപഴുപ്പിച്ച കാൽ എന്നാണ്" (1:15). യേശു ദുഷ്ടന്മാരെ ശിക്ഷിക്കുമ്പോൾ ആർക്കും ഒഴിഞ്ഞുപോകുവാൻ സാധ്യമല്ല എന്നർത്ഥം. എഴുത്തിൽ യേശു പിന്നീട് പറഞ്ഞു, "അഭക്തരെ വലിയ കഷ്ടതയിലാക്കും" (2:22). വീണ്ടും, മനന്തിരിയാത്തവരെ "കൊന്നുകളയും" എന്നാണ് പറഞ്ഞത് (2:23).

### കുറ്റം വിധിക്കൽ (2:19)

തന്റെ ഭയങ്കരത്വം കാണിക്കേണ്ടതിന്റെ ആവശ്യകത യേശു അറിയിക്കുന്നതിന് മുൻപ്, ഇടവകയുടെ നല്ല ഗുണങ്ങൾ അവൻ എടുത്തു

കാണിക്കുന്നുണ്ട്: "ഞാൻ നിന്റെ പ്രവൃത്തിയും, സ്നേഹം,[10] വിശ്വാസം, ശുശ്രൂഷ, സഹിഷ്ണുത[11] എന്നിവ അറിയുന്നു" (വാ. 19). മറ്റു സഭകളിൽനിന്നു വ്യത്യസ്തമായി യേശുവിന്ന് തുയഥൈര സഭയെ പ്രശംസിക്കുവാൻ ധാരാളം കാര്യങ്ങളുണ്ട്.

**പ്രസാദകരമായ സഭയായിരുന്നു**

അത് ഒരു പ്രവർത്തിക്കുന്ന സഭയായിരുന്നു. യേശു പറഞ്ഞു, "ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു." അത് ഒരു ഇടവക സഹോദരവർഗത്തിന് അയച്ചുകൊടുത്ത റിപ്പോർട്ട് പോലെ ആയിരുന്നില്ല: "കഴിഞ്ഞവർഷം സ്നാനമൊന്നുമില്ലായിരുന്നു, ആരും കൂട്ടായ്മയിലേക്ക് യഥാസ്ഥാനപ്പെട്ട് വന്നില്ല, ആരും അംഗത്വം മാറ്റി വന്നുമില്ല. ഞങ്ങൾ മരണപര്യന്തം വിശ്വസ്തരായി ജീവിക്കുവാൻ പ്രാർത്ഥിക്കുന്നു."[12] തുയഥൈര സഭ ശക്തവും, സജീവവും, പ്രവർത്തിക്കുന്നതുമായ ഒന്നായിരുന്നു.

അത് സ്നേഹിക്കുന്ന സഭയായിരുന്നു, യേശു പറഞ്ഞു, "ഞാൻ നിന്റെ ... സ്നേഹം അറിയുന്നു" നാം "സഹോദരപ്രീതിയിൽ ഉറ്റിരിക്കണം" (റോമർ 12:10), ഏഴ് സഭകളോടും പറയുന്നതിലുള്ള പ്രത്യേകത എന്തെന്നാൽ ഈ ഇടവകയോട് മാത്രമാണ് അവരുടെ സ്നേഹത്തെ കുറിച്ച് പറയുന്നത്.

അത് സഹായിക്കുന്ന സഭയായിരുന്നു. "ഞാൻ നിന്റെ ... പ്രവൃത്തി അറിയുന്നു." ആ ഇടവകയുടെ സ്നേഹം പ്രാവൃത്തികമാക്കി; മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള അവസരം അംഗങ്ങൾ പ്രയോജനപ്പെടുത്തി.

അത് വിശ്വസിക്കുന്ന സഭയായിരുന്നു. യേശു പറഞ്ഞു, "ഞാൻ നിന്റെ ... വിശ്വാസം അറിയുന്നു." അവർ തങ്ങളുടെ കഴിവിൽ ആശ്രയിക്കുന്നതിനുപകരം, അവർ കർത്താവിലാണ് ആശ്രയിച്ചിരുന്നത്.

അത് സഹിഷ്ണുതയുള്ള സഭയായിരുന്നു. യേശു പറഞ്ഞു, "ഞാൻ നിന്റെ ... സഹിഷ്ണുത അറിയുന്നു" അഭക്തിയുള്ളസമൂഹത്തിൽ ചുറ്റും നോക്കിയാൽ നിരാശയാണ് അനുഭവപ്പെടുക. എന്നാൽ ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസത്തിനുവേണ്ടി എല്ലാം സഹിച്ചു.

**പുരോഗമിച്ചുകൊണ്ടിരുന്ന സഭ**

അത് സൽപ്രവൃത്തിയിൽ മുതിർന്നുവന്ന ഒരു സഭ ആയിരുന്നു എന്നാണ് അനുമോദിച്ചുകൊണ്ട് പറഞ്ഞത്: അവൻ പറഞ്ഞു, "നിന്റെ ഒടുവിലത്തെ പ്രവൃത്തി ... ആദ്യത്തേതിലും ഏറെ എന്നു ഞാൻ അറിയുന്നു!" ആദ്യം വളരെ അധികം ചെയ്തിട്ട് കുറെ കാലം കഴിയുമ്പോൾ വളരെ കുറച്ചുമാത്രം ചെയ്യുന്ന പ്രവണതയാണ് സാധാരണ കാണപ്പെടുന്നത്, പക്ഷെ തുയഥൈര സഭ നാൾതോറും അധികമധികമായി കർത്താവിന് വേണ്ടി പ്രവർത്തിച്ചുവന്നു. ഈ കാര്യത്തിൽ ആ സഭ മറ്റുസഭകളിൽനിന്ന് വ്യത്യസ്തമായിരുന്നു – പ്രത്യേകിച്ച് സർദ്ദീസിലുള്ള സഭയിൽനിന്ന് (3:1). ജെയിംസ് എം. ടോൾ പറഞ്ഞു, "മുൻപോട്ടു ഗമിക്കുന്ന സഭയ്ക്ക് മാത്രമെ സുരക്ഷിതത്വമുള്ളു."[13]

## കുറ്റം വിധിക്കൽ (2:20-23)

മറ്റെല്ലാ ഇടവകളിലുമെന്നപോലെ തുയഥൈരയിലെ സഭയ്ക്കും അവരുടേതായ ശക്തിയും, ബലഹീനതയുമുണ്ടായിരുന്നു: യേശു അതിന്റെ നല്ല ഗുണങ്ങളെ അഭിനന്ദിച്ചു; അവൻ ഇപ്പോൾ അതിന്റെ ദുർഗുണത്തെയും കണ്ടു:

“താൻ പ്രവാചകി എന്നു പറഞ്ഞു ദുർന്നടപ്പ് ആചരിപ്പാനും വിഗ്രഹാർപ്പിതം തിന്മാനും എന്റെ ദാസന്മാരെ ഉപദേശിക്കയും തെറ്റിച്ചുകളകയും ചെയ്യുന്ന ഈസബേൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു[14] എന്നോരു കുറ്റം നിന്നെ കുറിച്ചു പറവാനുണ്ട്” (വാ. 20).

**കുറ്റപ്പെടുത്തിയ പ്രവാചകി**

വ്യക്തമായി, തുയഥൈര സഭയ്ക്ക് ഒരു സ്ത്രീ പ്രവാചകിയുണ്ടായിരുന്നു.[15] അവളുടെ വാസ്തവത്തിലുള്ള പേർ അതായിരിക്കുവാൻ സാധ്യതയില്ല; പഴയനിയമകാലയളവിലായാലും പുതിയനിയമകാലയളവിലായാലും രക്ഷകർത്താക്കൾ തങ്ങളുടെ പെൺകുട്ടികൾക്ക് ആ പേരിടുവാൻ ഇഷ്ടപ്പെടാറില്ല. കാരണം പഴയനിയമത്തിൽ വളരെ ദൈവത്തിന് അനിഷ്ടമായി പ്രവർത്തിച്ച് കുപ്രസിദ്ധി നേടിയ സ്ത്രീ ആയിരുന്നു ആ ഈസെബേൽ.

ഈസെബേൽ അന്യദേവനെ നമസ്ക്കരിച്ചിരുന്ന യിസ്രായേൽ രാജാവായിരുന്ന ആഹാബിന്റെ രാജ്ഞിയായിരുന്നു അവൾ, അവൾ അവനെ അഗാധമായ വിഗ്രഹാരാധനയിലേക്ക് നയിച്ചു.[16] ശമര്യയിൽ ബാലിന് ഒരു അശേരാ പ്രതിഠ പണിയുവാൻ രാജാവിനെ പ്രേരിപ്പിക്കുകയും നാനൂറ് അശേരാ[17] പ്രവാചകന്മാരെ തന്റെ മേശയിൽ ഭക്ഷണം കഴിപ്പാൻ അനുവദിക്കുകയും ചെയ്തു. അവൾ സൂത്രശാലിയും, എന്തും ചെയ്യുവാൻ മടിയില്ലാത്തവളും, ഒരു ധാർമ്മികതയുമില്ലാത്തവളാണെങ്കിലും, ഞാൻ ഈസെബേലിനെ കുറിച്ച് വിചാരിക്കുന്നത്, അവൾ സുന്ദരിയും, ആകർഷണീയതയും, മയക്കുന്നവളുമാണെന്നാണ്.

അത്തരം സ്വഭാവങ്ങൾ തുയഥൈരയിലെ ഈസെബേലിനും ഉണ്ടായിരുന്നേക്കാം. അവൾ തീർച്ചയായും അഭിലഷണീയയും സ്വാധീനിക്കുവാൻ കഴിവുള്ളവളുമാകകൊണ്ട് പ്രവാചകി എന്നു അവകാശപ്പെടുകയും ചെയ്തു. സഭയുടെ ആരംഭഘട്ടത്തിൽ നടന്ന അത്ഭുതവരങ്ങളിൽ ഒന്നായിരുന്നു പ്രവചനം (1 കൊരിന്ത്യർ 12:10).[18] ആ വരം സ്ത്രീകൾക്കും പുരുഷന്മാർക്കും നൽകിയിരുന്നു (പ്രവൃത്തികൾ 2:17; 1 കൊരിന്ത്യർ 11:5). സഭയുടെ പരസ്യമായ യോഗങ്ങളിൽ സ്ത്രീകൾ ആ വരം ഉപയോഗിക്കരുതായിരുന്നു (1 കൊരിന്ത്യർ 14:34).[19] എന്നാൽ മറ്റു ചില സന്ദർഭങ്ങളിൽ അവർക്ക് അത് ചെയ്യാമായിരുന്നു (1 കൊരിന്ത്യർ 11:5). എങ്ങനെയായാലും, ഈ സ്ത്രീക്ക് വാസ്തവത്തിൽ പ്രവചനവരം ഉണ്ടായിരുന്നോ എന്ന് യേശു പറയുന്നില്ല; അവൾ സ്വയം പ്രവാചകി എന്ന് വിളിച്ചിരുന്നു എന്നാണ് പറഞ്ഞത്. ഇന്ന് നാം അവരെ “സോ – കാൾഡ് – പ്രോഫെറ്റസസ്” എന്നാണ്. വിളിക്കുന്നത്.

നോസ്റ്റിക്സുകാരെപോലെ,[20] ഈ സ്വ – പ്രവാചകിയും “ആഴമേറിയ കാര്യങ്ങൾ” അവകാശപ്പെട്ട്, ഉയർന്ന ഉൾക്കാഴ്ച്ച അവൾ മുഖാന്തരം മാത്രമെ ലഭിക്കയുള്ളു എന്നും പറഞ്ഞിരുന്നു. അവളുടെ ഉപദേശത്തെ യേശു, “സാത്താന്റെ ആഴങ്ങൾ” എന്നാണ് വിളിച്ചത് (2:24; എംഫസിസ് മൈൻ).[21] ക്രിസ്ത്യാനികൾക്ക് ലോകത്തോടുള്ള ബന്ധത്തെ കുറിച്ച് അവൾക്ക് ചില രഹസ്യവെളിപ്പാടുകളുണ്ടെന്ന് അവൾ അവകാശപ്പെട്ടു. അവളുടെ ഉപദേശത്തിന്റെ കാതൽ ഊഹിക്കുവാൻ പ്രയാസമില്ല. “നിങ്ങൾക്ക് സംഘടനയിൽ അംഗമായി നിങ്ങളുടെ കുടുംബത്തെ പോറ്റാമെന്നാണ് ദൈവം എന്നോട് പറഞ്ഞത്. വാസ്തവത്തിൽ, നിങ്ങൾ നിങ്ങളുടെ ജോലിയിൽ

വിജയിക്കണമെന്നാണ് അവന്റെ ആഗ്രഹം – അങ്ങനെ നിങ്ങൾക്ക് നിങ്ങളുടെ പ്രവാചകിക്ക് കൂടുതൽ നൽകുവാനും കഴിയും!"

അവൾ ഇത് ഒരുപക്ഷെ വീട്ടിൽ വെച്ചായിരിക്കാം പഠിപ്പിച്ചിരിക്കുക. അവൾ ഒരുപക്ഷെ സമ്പൽസമൃദ്ധിയുള്ള സ്ത്രീ ആയിരുന്നതുകൊണ്ട്, ആ സ്വാധീനം ഉപയോഗിച്ച് ആളുകളെ അവളുടെ മനോഹര ഭവനത്തിലേക്ക് ക്ഷണിച്ചു വരുത്തിക്കാണും. പുതിയ ശിഷ്യന്മാരെയും ശിഷ്യകളെയും തേടി അവൾ ഒരുപക്ഷെ വീടുകൾ തോറും നടന്നിരിക്കാം. അവളുടെ രീതി എന്തായിരുന്നാലും, അവളുടെ ഉപദേശം ക്രിസ്ത്യാനികളെ "ദുർന്നടപ്പ്[22] പ്രവർത്തിക്കുവാനും വിഗ്രഹാർപ്പിതം തിന്നുവാനും പ്രേരിപ്പിക്കുന്നതായിരുന്നു." (വാ. 20). ബിലെയാമിന്റെയും നിക്കൊലാവ്യരുടേയും ഉപദേശം അതേ ഫലം ഉളവാക്കിയതുകൊണ്ട് (2:14, 15), ഇതും ഒരുപക്ഷെ സാത്താൻ മറ്റൊരു പേരിൽ ഇറക്കിയ അതേ ഉൽപന്നമായിരിക്കാം.

പലരും കേൾക്കുവാൻ ആഗ്രഹിച്ചതു പറഞ്ഞതുകൊണ്ട്, ഈസെബേൽ വിജയിയായി തീർന്നു. ''ചിലർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിന് ചെവികൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരിയുകയും ചെയ്യുന്ന കാലം വരും" എന്നു പറഞ്ഞത് അന്വർത്ഥമാക്കുന്നു (2 തിമൊഥെയൊസ് 4:3, 4).

**വിട്ടുവീഴ്ച്ച ചെയ്യുന്ന ആളുകൾ**

ഈസെബേലിലും അവളുടെ അനുയായികളിലും യേശു വെറുതെ അസന്തുഷ്ടനാവുകയല്ല ചെയ്തത്, അവളുടെ പ്രക്ഷോഭാത്മകമായ വഴിപിഴപ്പിക്കലിനെ സഭ അനുവദിച്ചതിൽ യേശുവിന് സന്തോഷിപ്പാൻ കഴിഞ്ഞില്ല. "താൻ പ്രവാചകി എന്നു വിളിക്കുന്ന ഈസെബേൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു എന്ന കുറ്റം നിന്നെ കുറിച്ച് പറവാനുണ്ട്" (വാ. 20). പൗലൊസ് കല്പിച്ചു, ''ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്, അവയെ ശാസിക്കയത്രേ വേണ്ടത്" (എഫെസ്യർ 5:11). "സഹോദരൻ എന്ന് പേർപെട്ട ഒരാൾ ദുർന്നടപ്പുകാരനോ ... ആയാൽ അയാളോട് സംസർഗം അരുത്, ..." എന്ന് ക്രിസ്ത്യാനികളോട് പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 5:11).

എന്തുകൊണ്ട് തുയഥൈര സഭ ഈസെബേലിൽനിന്നും അവളുടെ അനുയായികളിൽനിന്നും വിട്ടകന്നുനിന്നില്ല? ഈസെബേൽ സഭയിലെ ഒരു അദ്ധ്യക്ഷന്റെ ഭാര്യയായിരുന്നു എന്ന് പറയപ്പെട്ടിട്ടുണ്ട്.[23] ചില പുരാതന കയ്യെഴുത്തുപ്രതികളിൽ വാക്യം 20-ൽ "നിന്റെ സ്ത്രീ" എന്നാണു കാണുന്നത്, അത് സാധാരണ "നിന്റെ ഭാര്യ".[24] എന്നു പറയുന്നതുപോലെയാണ്. ഈസെബേൽ ഒരു ഉപദേഷ്ടാവിന്റെയോ അല്ലെങ്കിൽ മൂപ്പന്മാരിൽ ഒരാളുടെയോ ഭാര്യ ആയിരുന്നേക്കാം. തന്നെ നേരിടുന്നവർക്ക് ചുരുങ്ങിയത് കുഴപ്പം സൃഷ്ടിക്കുവാൻ കഴിവുള്ളവളായിരുന്നു അവൾ.

കൊരിന്തിനെപോലെ, ഈ ഇടവകക്കും വിധിക്കാതിരിക്കുന്ന മനോഭാവം ഉണ്ടായിരുന്നേക്കാം (1 കൊരിന്ത്യർ 5:1, 2 നോക്കുക). മുൻപ് പറഞ്ഞതുപോലെ, ഈ ഇടവകയെ മാത്രമാണ് അവരുടെ സ്നേഹത്തെ അനുമോദിച്ചത്. ഒരുപക്ഷെ ചില അംഗങ്ങളുടെ സ്നേഹം നിമിത്തം "ആർക്കും ഒരു കുഴപ്പവും വരുത്തരുത് എന്ന് വെച്ച് മൗനാനുവാദത്തോടെ തെറ്റുകൾ ക്ഷമിച്ചുകൊടുത്തുകാണും."[25] തെറ്റുകൾ സഹിക്കുവാൻ കാരണം എന്തുതന്നെയായാലും, ആ കാരണങ്ങൾ

യേശുവിന് സ്വീകാര്യമായിരുന്നില്ല. തുയഥൈര സഭ "ഈസെബേലിനെ കൈകാര്യം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്ന്" അവർ അറിയണമെന്ന് കർത്താവ് ആഗ്രഹിച്ചു.[26]

### മുന്നറിയിപ്പും ഭീഷണിയും (2:21-25)

**വിശ്വസ്തർക്ക് പ്രതീക്ഷിക്കാവുന്നത്**

എഴുത്തിലെ അടുത്ത പ്രസ്താവന ഏതാണ്ട് ഞെട്ടിപ്പിക്കുന്നതാണ്: യേശു പറഞ്ഞു, "ഞാൻ അവൾക്ക് മാനസാന്തരപ്പെടുവാൻ സമയം കൊടുത്തു" (വാ. 21). ദൈവം ദീർഘക്ഷമയുള്ളവനാണെന്നതിന് നിങ്ങൾക്ക് തെളിവ് വേണമെങ്കിൽ, അതാണിത്. അഭക്തിയുള്ള ആ സ്ത്രീക്ക് തന്റെ വഴികളെ വിട്ട് മാനസാന്തരപ്പെടുവാൻ കർത്താവ് എല്ലാ അവസരവും നൽകി! (2 പത്രൊസ് 3:9 നോക്കുക). നിർഭാഗ്യവശാൽ, ആളുകൾക്ക് കർത്താവ് മാനസാന്തരപ്പെടുവാൻ സമയം കൊടുക്കുമ്പോൾ, കർത്താവ് പാപത്തെ കുറിച്ച് വിചാരപ്പെടുന്നില്ല എന്ന് തെറ്റായി വ്യാഖ്യാനിക്കാറുണ്ട്. മാറുവാനുള്ള അവസരം ഈസെബേലിനു കൊടുത്തിട്ടും കർത്താവ് പറഞ്ഞു, "അവളുടെ ദുർന്നടപ്പ് വിട്ട് മാനസാന്തരപ്പെടുവാൻ അവൾക്ക് മനസായില്ല." (വാ. 21). ആർഎസ്‌വിയിൽ "അവൾ മാനസാന്തരപ്പെടുവാൻ കൂട്ടാക്കിയില്ല" എന്നാണ്.

അവളുടെ ധിക്കാരം സഭ സഹിച്ചു, എന്നാൽ യേശു അത് സഹിക്കുകയില്ല. അവൻ പറഞ്ഞു, "ഞാൽ അവളുടെ കിടപ്പിലും[27] അവളുമായി വ്യഭിചരിക്കുന്നവരെ[28] അവളുടെ നടപ്പ് വിട്ട് മാനസാന്തരപ്പെടാഞ്ഞാൽ വലിയ കഷ്ടതയിലും ആക്കിക്കളയും"[29] (വാ. 22). മുന്നറിയിപ്പിൽ, യേശു വാക്കുകളെ കൊണ്ട് പന്താടുകയായിരുന്നു. ക്രിസ്ത്യാനികളെ ദുർന്നടപ്പിന് പ്രേരിപ്പിക്കയാണ് ഈസെബേൽ ചെയ്തത്; യേശു അവളേയും അവളുടെ അനുയായികളെയും കഷ്ടതയുടെ കിടക്കയിൽ കിടത്തും. എങ്ങനെയായാലും, നമ്മുടെ കരുണാമയനായ കർത്താവ് എപ്പോഴും പറയുന്ന ഒന്നാണ് "മാനസാന്തരപ്പെടായ്കയാൽ."

യേശു തുടരുന്നു, "ഞാൻ അവളുടെ മക്കളെ കൊന്നുകളയും" (വാ. 23). ''മക്കൾ'' എന്ന് പറഞ്ഞിരിക്കുന്നത് ഈസെബേലിന്റെ ആത്മിയ സന്താനങ്ങളാണ്,[30] അവർ അവളുടെ ഉപദേശം സ്വീകരിച്ചവരായിരുന്നു.[31] മൂലഗ്രന്ഥത്തിൽ, യേശു ഫലത്തിൽ പറഞ്ഞു, "ഞാൻ അവളുടെ മക്കളെ മരണത്താൽ കൊല്ലും" എന്നാണ് – "ഭയങ്കര മരണം ബാധിക്കുന്നത്!"[32] ആണ് എബ്രായഭാഷയിൽ അതിന്റെ അലങ്കാരഭാഷയുടെ അർത്ഥം.

തന്റെ ജനത്തെ ഒരു പാഠം പഠിപ്പിക്കുന്നതിനുവേണ്ടിയാണ്, ദൈവം മാനസാന്തരപ്പെടാത്തവരെ ശിക്ഷിക്കുന്നത്: "അങ്ങനെ അവൻ ഉൾപ്പൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്ന് സകല സഭകളും അറിയും[33]" (വാ. 23). അവൻ വലിയ ഹൃദയങ്ങളെ ആരായുന്നവനാകകൊണ്ട് ആർ മാനസാന്തരപ്പെട്ടു എന്നും ആർ മാനസാന്തരപ്പെട്ടില്ല എന്നും അവന് അറിയാം. അതുകൊണ്ട് ഓരോരുത്തന്നും അർഹമായത് ലഭിക്കും: "നിങ്ങളുടെ പ്രവൃത്തിക്കു തക്കവണ്ണം ഞാൻ നിങ്ങൾക്ക് ഏവർക്കും പകരം ചെയ്യും" (വാ. 23).[34]

**വിശ്വസ്തർ എന്തു ചെയ്യണം**

വാക്യം 24-ൽ എഴുത്തിന്റെ പരുഷഭാവത്തിൽനിന്ന് മൃദുലഭാവത്തിലേക്ക് പെട്ടെന്ന് തിരിയുന്നു.[35] മാനസാന്തരപ്പെടാത്തവരെ ശിക്ഷിക്കുമെന്ന് പറഞ്ഞ ശേഷം, യേശു പറഞ്ഞു,

> ഈ ഉപദേശം കൈക്കൊള്ളാതെയും, അവർ പറയുംപോലെ സാത്താന്റെ ആഴങ്ങൾ അറിഞ്ഞിട്ടില്ലാതെയും തുയഥൈരയിലെ ശേഷം പേരോട്, വേറൊരു ഭാരം ഞാൻ നിങ്ങളുടെമേൽ ചുമത്തുന്നില്ല, എങ്കിലും - നിങ്ങൾക്കുള്ളതു ഞാൻ വരുംവരെ പിടിച്ചുകൊൾവിൻ (വാ. 24, 25).

ഈസബേലിൽനിന്നും അവളുടെ അനുയായികളിൽനിന്നും കൂട്ടായ്മ രിൻവലിക്കാതിരുന്നതിന് ചിലർ ഉത്തരവാദികളാണെന്ന് വാക്യം 20 കാണിക്കുമ്പോൾ, മറ്റുള്ളവർ അതിനുത്തരവാദികളല്ലായിരുന്നു എന്ന് വാക്യം 24 വ്യക്തമാക്കുന്നു. പ്രാഥമികമായി അതിനിരയായി തീർന്നത് അദ്ധ്യക്ഷസംഘം ആയിരുന്നേക്കാം, അവർ സഭയിൽ എടുക്കേണ്ടതായ അച്ചടക്കനടപടി ഒന്നും എടുത്തില്ല. എഫെസ്യസഭയിൽ വളരെക്കാലം മൂപ്പന്മാരുണ്ടായിരുന്നു (പ്രവൃത്തികൾ 20:17, 28). തുയഥൈരയിലും ഒരുപക്ഷെ മൂപ്പന്മാർ ഉണ്ടായിരുന്നേക്കാം (പ്രവൃത്തികൾ 14:23). "സഭയെ ... സൂക്ഷിക്കേണ്ട" ഉത്തരവാദിത്വം മൂപ്പന്മാർക്കാണ് (പ്രവൃത്തികൾ 20:28). പൗലൊസ്, "ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം സംസാരിക്കുന്ന പുരുഷന്മാർ [സത്രീകളും, എന്നു നമുക്ക് ചേർക്കാം] നിങ്ങളുടെ ഇടയിൽ നിന്ന് എഴുന്നേൽക്കും" (പ്രവൃത്തികൾ 20:30). "അതുകൊണ്ട് ഉണർന്നിരിപ്പിൻ" എന്ന് അവൻ അപേക്ഷിച്ചു (പ്രവൃത്തികൾ 20:31). തുയഥൈരയിലെ മൂപ്പന്മാർ ആരായിരുന്നാലും, അവർ തങ്ങളുടെ ഉത്തരവാദിത്വത്തിൽ പരാജയപ്പെട്ടിരുന്നു.[36]

അപ്പോൾ, പിന്നെ, ഉത്തരവാദിത്വമില്ല - എന്ന് യേശു പറഞ്ഞ രണ്ടാമത്തെ സംഘം ആരായിരുന്നു? ഈസെബേലിന്റെ കൂട്ടർ ഉയർത്തിയ ഭീഷണി തിരിച്ചറിഞ്ഞവരും അധികാരമുള്ളവർ അതിനൊന്നും ചെയ്യാതിരിക്കുമ്പോൾ, വിശ്വസ്തരായി നിലകൊള്ളുവാൻ മാത്രമെ വ്യക്തികളായ അവർക്ക് കഴിഞ്ഞുള്ളു. അവരോട്, യേശു പറഞ്ഞു, "വേറൊരു ഭാരം ഞാൻ നിങ്ങളുടെമേൽ ചുമത്തുന്നില്ല. എങ്കിലും നിങ്ങൾക്കുള്ളത് ഞാൻ വരുംവരെ പിടിച്ചുകൊൾവിൻ" (വാ. 24, 25). "ഭാരം" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് ഉത്തരവാദിത്വമായിരിക്കണം.[37] സന്ദർഭത്തിൽ, യേശു അർത്ഥമാക്കുന്നത്, "ഈ പ്രശ്നം പരിഹരിക്കുവാനുള്ള ഉത്തരവാദിത്വം നിങ്ങളുടെ ചുമലിൽ ഞാൻ വെക്കുന്നില്ല, നിങ്ങൾക്ക് ചെയ്യാവുന്നതു നിങ്ങൾ ചെയ്തു. ഇപ്പോൾ നിങ്ങൾക്ക് ഞാൻ നൽകിയ അനുഗ്രഹങ്ങളാൽ വിശ്വസ്തരായി ജീവിക്കുക."

വർഷങ്ങൾക്ക് മുൻപ് കാൻസാസിലെ ഒരു സ്നേഹിതനിൽനിന്ന് എനിക്ക് ഒരു കത്ത് ലഭിക്കുകയുണ്ടായി. അദ്ദേഹം അംഗമായിരുന്ന ഇടവകയിലെ ഒരാൾ തന്റെ ജീവിതശൈലി മാറ്റുന്നില്ല. മൂപ്പന്മാരോട് പല പ്രാവശ്യം പറഞ്ഞുനോക്കി, അവരൊന്നും അതിന് ചെയ്തില്ല. അദ്ദേഹം അതിൽ കുണ്ഠിതനായിരുന്നു. താൻ എന്തു ചെയ്യണമെന്ന് അറിയുവാൻ ആഗ്രഹിച്ചുകൊണ്ടാണ് എഴുതിയത്, ആ വ്യക്തിയിൽനിന്ന് കൂട്ടായ്മ പിൻവലിക്കണോ, അതോ ആരാധനക്കും മറ്റും മറ്റൊരു ഇടവകയിൽ പോകണോ എന്ന് സംശയിച്ചുകൊണ്ടാണ്

കത്തെഴുതിയത്. ദൈവകൃപയാൽ, അതിന് തൊട്ടുമുൻപുള്ള ഞായറാഴ്ച്ച ഞാൻ തുയഥൈരസഭക്കുള്ള എഴുത്തിനെ കുറിച്ച് പ്രസംഗിച്ചതേയുള്ളു. അതുകൊണ്ട് അതിലെ കാര്യങ്ങൾ പുതുമ നഷ്ടപ്പെടാതെ എന്റെ മനസിലുണ്ടായിരുന്നു.

അദ്ദേഹം ആ എഴുത്തിൽ മറ്റൊരു കാര്യം കൂടെ പറഞ്ഞിരിക്കുന്നു. മൂപ്പന്മാരോട് പറയുക മാത്രമല്ല, "തെറ്റിൽ ജീവിക്കുന്ന വ്യക്തിയോട് നേരിട്ട് ചെന്ന്," തെറ്റു തിരുത്തി "മരണത്തിൽനിന്നു ആത്മാവിനെ രക്ഷിക്കുക" എന്നും പറഞ്ഞതായി സൂചിപ്പിച്ചിരിക്കുന്നു (യാക്കൊബ് 5:20). അദ്ദേഹം തന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞ സ്ഥിതിക്ക് (യെഹെസ്ക്കേൽ 3:19). ഇനി എനിക്ക് എഴുതിയ ആളല്ല മറിച്ച് അതിന് ഒന്നും ചെയ്യാതിരുന്ന മൂപ്പന്മാരാണ് ദൈവത്തിന് കണക്ക് കൊടുക്കേണ്ടത് എന്ന് ഞാൻ അദ്ദേഹത്തിന് മറുപടി എഴുതി (എബ്രായർ 13:17).

പിന്നെ ഞാൻ അദ്ദേഹത്തിന് യേശു തുയഥൈരയിലുള്ള "വിശ്വസ്തരായ കുറെ" പേർക്ക് കൊടുത്ത നിർദ്ദേശം കൊടുക്കുകയുണ്ടായി. ഇടവക വിട്ടുപോകുന്നതിനുപകരം,[38] യേശു അവരോട് പറഞ്ഞു, "വേറൊരു ഭാരം ഞാൻ ... നിങ്ങളുടെമേൽ ചുമത്തുന്നില്ല. എങ്കിലും, ... – നിങ്ങൾക്കുള്ളത് ഞാൻ വരുംവരെ പിടിച്ചുകൊൾവിൻ എന്നു കൽപിച്ചു" (വാ. 24, 25). "ഇനി, മറ്റുള്ളവർ ചെയ്യേണ്ടതായ ആ ഭാരം നിങ്ങളിൽനിന്നു നീക്കിക്കളക, കർത്താവ് ആ ഭാരം നിങ്ങളിൽ ഉണ്ടാകുവാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ അവൻ വരുന്നതുവരെ തുടരുക!" എന്ന ഉപദേശവും അദ്ദേഹത്തിന് നൽകി.

### വാഗ്ദാനം (2:26-28)

എന്റെ സ്നേഹിതന് ഞാൻ കൊടുത്ത ഉപദേശം എളുപ്പമുള്ളതായിരുന്നില്ല, യേശു തുയഥൈരസഭയിലെ ചിലർക്ക് കൊടുത്ത നിർദ്ദേശവും എളുപ്പമുള്ളതായിരുന്നില്ല. അവിശ്വസ്തരായ സഹോദരങ്ങൾക്കും, അഭക്തിയുള്ള ലോകത്തിനും, ഉത്തരവാദിത്വങ്ങൾ നിറവേറ്റാത്ത മൂപ്പന്മാർക്കും നടുവിൽ ജീവിക്കുക എന്നത് നിരുൽസാഹപരമാണ്. അതുകൊണ്ട് അത്തരം സാഹചര്യത്തിലാകുന്ന ഏതൊരാളെയും പ്രോൽസാഹിപ്പിക്കുന്ന വാഗ്ദാനം യേശു നൽകുന്നു:

> ജയിക്കയും ഞാൻ കൽപിച്ച പ്രവൃത്തികളെ[39] അവസാനത്തോളം അനുഷ്ഠിക്കയും ചെയ്യുന്നവന്ന് എന്റെ പിതാവ് എനിക്ക് തന്നതുപോലെ ഞാൻ ജാതികളുടെമേൽ അധികാരം കൊടുക്കും. അവൻ ഇരുമ്പുകോൽകൊണ്ട് അവരെ മേയിക്കും; അവർ കുശവന്റെ പാത്രങ്ങൾ പോലെ നുറുങ്ങിപോകും, ഞാൻ അവന്ന് ഉദയനക്ഷത്രവും കൊടുക്കും (വാ. 26–28).

യേശു അവർക്ക് ആദ്യം ശക്തി നൽകി. യേശുവിന്റെ മശിഹാ അധികാരത്തെ സൂചിപ്പിക്കുന്ന സങ്കീർത്തനം 2 ലെ ഇരുമ്പുകോൽ പ്രയോഗമാണ് ഇവിടെ യേശു നൽകിയിരിക്കുന്നത്.[40] തന്റെ പ്രവൃത്തികൾ അനുഷ്ഠിക്കുന്നവർക്ക് (അതായത്, അവനെ അനുസരിക്കുന്നവർക്ക്) യേശു വാഗ്ദാനം ചെയ്യുന്നത്, അവസാനം അവന്റെ ഭരണത്തിൽ[41] പങ്കുകാരാകയു

ം, അവൻ എല്ലാ തിന്മയുടെമേലും ജയം കൈവരിക്കുമ്പോൾ അതിനും അവർ പങ്കുകാരാകയും ചെയ്യുമെന്നാണ്. പ്രസിദ്ധമല്ലാതിരുന്ന സ്ഥലത്തെ അറിയപ്പെടാതിരുന്ന ഒരു സഭയ്ക്ക് അതു മഹത്തായ അനുഗ്രഹം തന്നെയാണ്.

പിന്നെ യേശു പ്രത്യാശ വാഗ്ദാനം ചെയതു. പ്രഭാതം പൊട്ടിവിടരുന്നതിനു മുൻപ് പ്രകാശവുമായി വരുന്ന "നക്ഷത്രമാണ്"[42] "ഉദയനക്ഷത്രം". വെളിപ്പാട് അവസാന അദ്ധ്യായത്തിൽ യേശു തന്നെ വെളിപ്പെടുത്തിയിരിക്കുന്നത് "ഉദയനക്ഷത്രം" എന്നാണ് (22:16), അതുകൊണ്ട്, വിശ്വസ്തരോടുള്ള അവന്റെ പ്രത്യേകബന്ധത്തെയാണ് അതു കാണിക്കുന്നത്. തുയഥൈ രയിലുള്ള ക്രിസ്ത്യാനികൾക്ക് ഭാവിയെ നോക്കി കാണുവാൻ അവൻ ചിലത് നൽകുകയായിരുന്നു. ഉദയനക്ഷത്രം പുതിയ ദിവസത്തിന് നാന്ദി കുറിക്കുന്നതുപോലെ, അവരുടെ ജീവിതത്തിന് ഒരു പുതിയ പ്രത്യാശാകിരണങ്ങൾ യേശു ഉദിപ്പിക്കുവാൻ പോകുന്നു എന്നാണ് അവൻ അർത്ഥമാക്കിയത്.

### പ്രബോധനം (2:29)

യേശു വീണ്ടും പ്രബോധനത്തിൽ, "ആത്മാവ് സഭകളോട് പറയുന്നത്, കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ" എന്നും ഉൾപ്പെടുത്തിയിരിക്കുന്നു (വാ. 29). എഴുത്തിന്റെ അവസാനം ഇതാദ്യമായിട്ടാണ് പ്രബോധനം വരുന്നത് എന്നത് ശ്രദ്ധിക്കുക. ശേഷിക്കുന്ന മറ്റു മൂന്ന് എഴുത്തുകൾക്കും ഇതൊരു മാതൃകയാണ്.

### ഉപസംഹാരം

"നൂറ്റാണ്ടുകൾക്ക് ശേഷവും നമ്മുടെ കൈകളിലെത്തിയിരിക്കുന്ന ഈ പുരാതന എഴുത്തുകളിലെ പല സത്യങ്ങൾക്കും ഇന്നും പ്രായോഗികതയുണ്ട്."[43] അവയിൽ നാലെണ്ണം നമുക്ക് ശ്രദ്ധിക്കാം.

(1) നമുക്ക് ഇന്നും ലോകവുമായി പോരാട്ടമുണ്ട്: നമുക്ക് വിട്ടുവീഴ്ച്ച ചെയ്യാവുന്നതല്ല. തുയഥൈരയിലുള്ളവർ നേരിട്ടതുപോലെ ഓരോ തലമുറയിലേയും ക്രിസ്ത്യാനികൾ "ലോകത്തിലാണ് ജീവിക്കുന്നത്" (യോഹന്നാൻ 17:11) എന്നാൽ അവർ "ലോകത്തിനുള്ളവരല്ല" (യോഹന്നാൻ 17:16).

(2) തെറ്റ് ആകർഷണീയമാക്കുവാൻ സ്വാധീനശക്തിയുള്ള ആളുകൾ ഇന്നുമുണ്ട്: നാം തെറ്റായി നയിക്കപ്പെടരുത്. ഈസെബേലിന്റെ മക്കൾ ഇപ്പോഴും സജീവമായിട്ടുണ്ട്. "മനസിനെ വശീകരിക്കയും ആകർഷിക്കയും ചെയ്യുവാൻ കഴിവുള്ളവർ ബുദ്ധിയിലും ധാർമ്മികതയിലും തെറ്റുപറ്റാത്തവരായിരിക്കണമെന്നില്ല."[44] വചനം വ്യക്തമായി പഠിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം (1 യോഹന്നാൻ 4:1).

(3) നമുക്ക് ഇപ്പോഴും വെല്ലുവിളികളെ നേരിടുവാൻ കർത്താവിന്റെ സഹായം ഉണ്ട്; നാം നിരാശപ്പെടരുത്. ഏഴ് എഴുത്തുകളിലേയും വാഗ്ദാനം "ജയിക്കുന്നവർക്ക്" ഉള്ളതാണ്. ഈ എഴുത്തിൽ യേശു പ്രത്യേകമായി ഒരു പ്രയോഗം ചേർത്തിട്ടുണ്ട്, "എന്റെ പ്രവൃത്തികൾ അവസാനത്തോളം അനുഷ്ഠിക്കുന്നവർ" (വാ. 26). നിങ്ങൾ "ജയിക്കുന്നവൻ" ആകണമെങ്കിൽ, അനന്തരഫലങ്ങൾ എന്തുതന്നെ ആയാലും, നിങ്ങളുടെ ജീവിതം കർത്താവിന് സമർപ്പിച്ച് അവന്റെ ഇഷ്ടം ചെയ്യുവാൻ തയ്യാറാകുക.[45] നിങ്ങൾ അവന് കീഴ്പ്പെടുകയാണെങ്കിൽ ജീവിതത്തിലെ ഏതു പ്രശ്നവും പരിഹരിക്കുവാൻ

അവൻ സഹായിക്കും.

(4) നമുക്ക് ഇന്നും തെറ്റുപറ്റും: നാം കഠിനഹൃദയരാകരുത്. ലോകത്തോട് വിട്ടുവീഴ്ച്ച ചെയ്യുവാൻ എപ്പോഴെങ്കിലും,പഠിപ്പിച്ചിട്ടുണ്ട് എന്ന കുറ്റബോധം നിങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ? മാനസാന്തരപ്പെടുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കർത്താവിന്റെ പദ്ധതിയുടെ ഭാഗമാകാം ഈ പാഠം. ഈ സന്ദേശം നിങ്ങൾ ഹൃദയപൂർവ്വം പ്രാവർത്തികമാക്കി, കരുണാമയനായ കർത്താവ് തരുന്ന മാന സാന്തരപ്പെടുവാനുള്ള അവസരത്തെ തള്ളിക്കളയാതിരിക്കയും ചെയ്യുക. നി ങ്ങളുടെ ഹൃദയത്തെ ഇന്നു തന്നെ മാറ്റുക, അങ്ങനെ അവസാനം കർത്താവ് നിങ്ങളെ ശപിക്കുന്നതിനു പകരം, അനുഗ്രഹിക്കുമാറാകട്ടെ!

---

**ഉപദേഷ്ടാക്കന്മാർക്കും പ്രാസംഗികർക്കുമുള്ള കുറിപ്പുകൾ**

തുയഥൈരസഭയ്ക്കുള്ള എഴുത്തിനെ കുറിച്ചുള്ള മിക്ക പ്രസംഗങ്ങളിലും, ഒരേ പേരായ "ഈസെബേൽ," എന്നും, "ഈസെബേലിന്റെ ഭവനം," എന്നും "ഈസെബേൽ ജങ്ഷൻ" എന്നും ആണ് ഉപയോഗിച്ചിരിക്കുന്നത്. അവസാന വാഗ്ദാനത്തെ. ശ്രദ്ധിക്കുന്നതിനുപകരം റേ സമ്മേഴ്സ് ഈ ഭാഗത്തിന് പേ രിട്ടിരിക്കുന്നത് "വെയിറ്റ് ഓൺ ദ സ്റ്റാഴ്സ്" എന്നാണ്. "ക്രിസ്ത്യാനി" "പ ലപ്പോഴും ഇരുട്ടിലും പല തെറ്റിദ്ധാരണയിലും നടന്നേക്കാം, എന്നാൽ അവനെ സഹായിക്കുവാൻ എപ്പോഴും ഉദയനക്ഷത്രം ഉണ്ടാകും. അവൻ ദുരുപദേഷ്ടാക്കന്മാരെ അനുഗമിക്കാതെ, ഉദയനക്ഷത്രത്തിനുവേണ്ടി കാത്തിരിക്കണം.''[46] എന്നാൽ ഉദയനക്ഷത്രത്തെ നൽകിയിരിക്കുന്നത് അവനെ സഹായിക്കുന്നതിനാണ്. മറ്റു സാധ്യതയുള്ള തലവാചകങ്ങളിൽ പെടുന്നതാണ്, "പരീക്ഷിക്കപ്പെട്ട സഭ," എന്നതും "വിട്ടുവീഴ്ച്ചയുടെ കുഴപ്പം" എന്നതും.

---

കുറിപ്പുകൾ

[1]"ആസ്യയിലെ ഏഴു സഭകളും പത്മൊസ് ദ്വീപും" എന്ന ഭൂപടം നോക്കുക. [2]ക്വോട്ടഡ് ഇൻ റോബർട്ട് എച്ച്. മൗൺസ്, ദ ബുക്ക് ഓഫ് റെവെലേഷ[3], ദ ന്യൂ ഇന്റർനാ ഷണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് സീരീസ്, (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 101. [3]അത്തരം നുറുങ്ങിയ കല്ലുകൾ ഇപ്പോഴത്തെ അഖിസാർ ഗ്രാമത്തിന്റെ മദ്ധ്യഭാഗത്ത് ധാരാളമുണ്ട്. [4]ജെയിംസ് എം. ടോൾ, ആസ്യയിലെ ഏഴു സഭകൾ (പസാദേനാ, ടെക്സ്.: ഹാൺ പബ്ലിഷിങ്ങ് കമ്പനി., 1968), 50. [5]ചില കാര്യങ്ങളിൽ, സംഘടനകൾ തൊഴിലാളി യൂണിയനുകൾ ഇഷ്ടപ്പെടും. [6]അലൻ ജോൺസൺ, "റെവേലേഷൻ," ദ എക്സ്പോസിറ്ററി ബൈബിൾ കമെന്ററി വാല്യം. 12 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1981), 443. [7]ആ രണ്ടു പാപവും അന്നും (ഇന്നും) ദൈവം ഖണ്ഡിച്ചിരിക്കുന്നവയാണ്. കഴിഞ്ഞ പാഠത്തിലെ 2:14 ലെ കുറിപ്പ് നോക്കുക. [8]പ്രിന്റഡ് പ്രീച്ചർ സ്ക്കൂളിലെ വിദ്യാർത്ഥികളിൽ ചിലർക്ക് ജോലി സംബന്ധിച്ച് ഇത്തരം രാഷ്ട്രീയമായോ മതപ രമായോ, സമ്മർദ്ദങ്ങളുണ്ടാകുന്നുണ്ട് – എനിക്ക് നിങ്ങളോട് അനുകമ്പയും പ്രാർത്ഥന യുമുണ്ടായിരിക്കും. [9]വെളിപ്പാടിൽ ഈ ഒരു സ്ഥലത്ത് മാത്രമെ "ദൈവപുത്രൻ" എന്ന വാക്ക് ഉള്ളു. [10]കെജെവിയിൽ "ചാരിറ്റി" എന്നാണ്, പക്ഷെ മൂലഗ്രന്ഥത്തിൽ, "സ്നേ ഹത്തിനുള്ള" പുതിയനിയമ വാക്ക് അഗാപെ എന്നാണ്.

[11]കെജെവിയിൽ "പേഷ്യൻസ്" എന്നാണ്, കെജെവിയിൽ, സാധാരണ "പേഷ്യൻസ്" എന്നതിന്റെ അർത്ഥം, "പേഷ്യൻസ് എൻഡൂറൻസ്" എന്നാണ്. [12]ഒരുപക്ഷെ, ഇടവകയിലെ വിവരങ്ങൾ അറിയിച്ചസഹോദരങ്ങൾ തങ്ങൾക്ക് അറിയാവുന്നവരോട് അറിയിച്ചിട്ട് പ്രതികരണം കിട്ടാത്തതുകൊണ്ടാകാം എന്ന് പറയാം. പക്ഷെ വേദപുസ്തകത്തിലെ യെശയ്യാവ് 55:11 ഉം റോമർ 10:17 ഉം അനുസരിച്ച് അതിനുള്ള സാധ്യത കുറവാണ്. [13]ടോൾ 51. [14]കെജെവിയിൽ "സഫെറസ്റ്റ്" എന്നാണ്, വർഷങ്ങൾക്ക് മുൻപ്, "സഫെർ" എന്ന വാക്കിന് "അനുവദിക്കുക" എന്ന അർത്ഥമുണ്ടായിരുന്നു. സ്വയം - പ്രവാചകി എന്നു വിളിച്ചവളെ കൈകാര്യം ചെയ്യുന്നതിനുപകരം സഭ അവളുടെ ദുരുപദേശം വ്യാപിപ്പിക്കുന്നതിന് അവളെ "അനുവദിക്കുകയാണ്" ചെയ്തത്. [15]തെറ്റ് പഠിപ്പിക്കുന്നതിന്റെ ചിഹ്നമാണ് "ഈസെബേൽ" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്നാണ് ചിലർ വിശ്വസിച്ചിരുന്നത്, അല്ലെങ്കിൽ ആ ഉപദേശം പഠിപ്പിച്ചിരുന്ന സഭയിലെ ചില അംഗങ്ങളായിരുന്നു എന്നും അവർ വിചാരിക്കുന്നു. എങ്ങനെയായാലും, അതങ്ങനെയായിരുന്നുവെങ്കിൽ അവൻ പെർഗമൊസ് സഭയ്ക്ക് എഴുതിയപ്പോൾ ഉപയോഗിച്ച പ്രയോഗമായ "ഈസെബേലിന്റെ ഉപദേശം സ്വീകരിച്ചവർ ചിലർ അവിടെ നിനക്കുണ്ട്" എന്ന പ്രയോഗം അവൻ നടത്തുമായിരുന്നു (2:14 നോക്കുക). [16]ഈസെബേലിന്റെ സംഭവം 1 ഉം 2 ഉം രാജാക്കന്മാരുടെ പുസ്തകത്തിൽ കാണാം. പ്രത്യേകിച്ച്, 1 രാജാക്കന്മാർ 16; 18; 19; 21; 2 രാജാക്കന്മാർ 9 നോക്കുക. [17]ബാലിന്റെ ക്ഷാമത്തിന്റെ പ്രതിരൂപമായിരുന്നു അശേരാ. [18]ആ അത്ഭുതവരങ്ങൾ താൽക്കാലികവും പുതിയനിയമം പൂർണ്ണമായി ലഭിക്കുന്നതുവരെ മാത്രമുണ്ടായിരുന്നതുമാണ്. [19]നാമധേയവിഭാഗത്തിന്റെ മതപരമായ സ്കൂളിൽ പഠിക്കുന്ന എന്റെ ഒരു സ്നേഹിതൻ, അയാളുടെ അദ്ധ്യാപകൻ ക്ലാസിൽ തുയഥൈരയിലെ "ഈസെബേലിന്റെ" പേരെടുത്തുകൊണ്ട് ആദ്യസഭയിൽ സ്തീ അദ്ധ്യക്ഷമാർ ഉണ്ടായിരുന്നു എന്നു "തെളിയിക്കുന്നതിനു" ശ്രമിക്കയുണ്ടായി എന്നു പറഞ്ഞു. അത് ഒരു അസാധാരണ തീർപ്പാണ് കാരണം, ഈസെബേൽ പരസ്യമായി പഠിപ്പിച്ചു എന്നതിന് തെളിവില്ല; കൂടാതെ "ഈസെബേൽ" ചെയ്ത് എന്തും കർത്താവിന്റെ അനുവാദത്തോടെ ആയിരുന്നില്ല! [20]ഈ പുസ്തകത്തിൽ ആദ്യം നോസ്റ്റിസിസം വിവരിച്ചിരിക്കുന്നതു നോക്കുക.

[21]ഏഴ് എഴുത്തുകളിൽ, "സാത്താന്റെ പള്ളി" എന്നു പ്രയോഗിച്ചുകൊണ്ട്, അവരുടെ പിന്നിൽ പ്രവർത്തിച്ചത് സാത്താനാണെന്ന് വ്യക്തമാക്കി (2:9; 3:9). "സാത്താന്റെ ആഴങ്ങൾ" എന്നത് ഈസെബേൽ ഉപയോഗിച്ചിരുന്ന വാക്കാണെന്ന് ചിലർ സംശയിക്കുന്നു, കൂടാതെ "സാത്താന്റെ സിംഹാസനം" (2:13), എന്നും "സാത്താൻ പാർക്കുന്നേടം" (2:13) എന്നും പറഞ്ഞിട്ടുണ്ട്. ("ഞാൻ, ഞാൻ മാത്രമെ നിങ്ങളുടെ ശത്രുവിനെ മനസിലാക്കുവാൻ സഹായിക്കുകയുള്ളു.") എന്നാൽ ആ വാക്ക് യേശുവിന്റെ വിലയിരുത്തൽ മാത്രമാണ്. [22]"ദുർന്നടപ്പ് ആചരിക്കുക" എന്നത് ഗ്രീക്കിൽനിന്ന് തർജിമ ചെയ്തിരിക്കുന്നതിന്റെ അക്ഷരികമായ അർത്ഥം "പരസംഗം ചെയ്യുക" എന്നാണ്. [23]വാക്യം 18 ലെ "ദൂതൻ" (സന്ദേശവാഹകൻ) എന്നു പറഞ്ഞിരിക്കുന്നത്, സഭയിലെ അദ്ധ്യക്ഷന്മാരിൽ ഒരാളെ പരാമർശിക്കുന്നതാകാം, നിന്റെ സ്ത്രീ/ഭാര്യ എന്നുള്ളത് അദ്ധ്യക്ഷന്മാരിൽ ഒരാളുടെ ഭാര്യയായിരിക്കാം. [24]നല്ല കയ്യെഴുത്തുപ്രതിയിൽ ഈ വായനയില്ല. [25]ടോൾ, 52. [26]റൂബേൽ ഷെല്ലി, ദ ലാമ്പ് ആന്റ് ഹിസ് എനിമീസ്: അണ്ടർസ്റ്റാൻഡിങ്ങ് ദ ബുക്ക് ഓഫ് റെവെലേഷൻ (നാഷ്വിലേ: 20 യത്ത് സെഞ്ചുറി, ക്രിസ്ത്യൻ ഫൗണ്ടേഷൻ, 1983), 38. [27]എൻഏഎസ്ബിയിൽ ഉപയോഗിച്ചിരിക്കുന്ന "ഓഫ് സിക്നെസ്" എന്ന വാക്ക് ചരിച്ച് എഴുതിയിരിക്കുന്നത് സൂചിപ്പിക്കുന്നത് അത് തർജിമക്കാർ ചേർത്തതാണെന്നാണ് (കെജെവി നോക്കുക).

എന്നാൽ ആ വാക്ക് “മഹോപദ്രവം” എന്ന വാക്കുമായി സമാനതയുള്ളതുകൊണ്ട്, ഏതെങ്കിലും വിധത്തിലുള്ള “ബെഡ് ഓഫ് സഫറിങ്ങ്” ആണ്. [28]വാക്യം 20-ൽ പറഞ്ഞ “ദുർന്നടപ്പ് പ്രവൃത്തി” എന്നത് “ശാരീരികലൈംഗികപാപമാണ്”. ജാതികളുടെ ആഘോഷത്തിൽ പങ്കെടുക്കുന്നവർ, “അവളുമായി വ്യഭിചാരത്തിൽ പങ്കിടുന്നതായി വരുന്നു”, അങ്ങനെ അവർ അവിശ്വസ്തരായിതീരുന്നു - മറ്റൊരു വാക്കിൽ പറഞ്ഞാൽ, അത് ആത്മിയവ്യഭിചാരമാണ്. അത് അനന്തരഫലം ഉണ്ടാക്കുന്നതാണ്, അന്യദേവന്മാരെ ആരാധിക്കുന്നവർ സാധാരണ ചെയ്യാറുള്ളതാണ് ആത്മിയ വ്യഭിചാരത്തോടൊപ്പം ഭൗതികമായ വ്യഭിചാരവും അടങ്ങിയിരിക്കുന്നു. [29]“അവളുടെ പാപം” എന്നതിനു പകരം “അവരുടെ പാപങ്ങൾ” എന്നുപയോഗിച്ചിരിക്കുന്നു. അതുകൊണ്ട് ആവശ്യം തെറ്റായ പ്രവൃത്തികളിൽനിന്ന് മനസുമാറ്റണം. അവൾ ചെയ്തതിനെല്ലാം അവർ ഉത്തരവാദികളാണെന്ന് യേശു പറഞ്ഞു. [30]താൻ പരിവർത്തനം ചെയ്തവരെ പൗലൊസ് ചിലപ്പോൾ മക്കൾ എന്നു വിളിച്ചിട്ടുണ്ട് (ഉദാഹരണത്തിനു 1 കൊരിന്ത് യർ 4:14; 1 തിമൊഥെയൊസ് 1:18).

[31]‘‘അവളുടെ മക്കൾ’’ എന്നത് (വാ. 23) ‘‘അവളുമായി പരസംഗം ചെയ്തവരാകുവാൻ’’ സാധ്യതയുണ്ട് (വാ. 22). വ്യത്യാസമുണ്ടെങ്കിൽ, അത് ഒരളവിലായിരിക്കും. ‘‘അവളുടെ മക്കൾ’’ എന്നു പറയുന്നത് അവളെ അനുഗമിച്ചവരായിരിക്കണമെന്നില്ല, അവളുടെ ഉപദേശത്തെ വ്യാപിപ്പിച്ചവരായിരിക്കും എന്നു ചിലർ വിശ്വസിക്കുന്നുണ്ട്. [32]ഈസെബേലിനെ അനുഗമിക്കുന്നവരെ രോഗശയ്യയിലും കഷ്ടതയിലും ആക്കുമെന്ന് യേശു പറഞ്ഞതിന്റെ കൃത്യമായ അർത്ഥം നമുക്ക് അറിയില്ല. ഒരുപക്ഷെ അവരെ സുബോധത്തിലേക്ക് കൊണ്ടുവരുവാനായി ഭൗതികമായ രോഗത്തെയും മരണത്തെയും ആകാം സൂചിപ്പിച്ചത്. അല്ലെങ്കിൽ ആത്മിയ രോഗവും മരണവുമായിരിക്കാം അർത്ഥമാക്കിയത്. യേശു എന്ത് അർത്ഥമാക്കിയാലും, മാനസാന്തരപ്പെടാത്തവർക്ക് അതിൽ സന്തോഷിപ്പാൻ വകയില്ല. [33]കെജെവിയിൽ “റെയിൻസ്” എന്നാണ്. ഗ്രീക്കിൽനിന്നു തർജിമ ചെയ്തിരിക്കുന്നത് “മൈൻഡ്സ്” (അല്ലെങ്കിൽ “റെയിൻസ്”) എന്നത് അക്ഷരികമായി അർത്ഥമാക്കുന്നത് “കിഡ്ണീസ്” എന്നാണ്. വാസ്തവത്തിൽ രക്തം പമ്പ് ചെയ്യുന്ന ഹൃദയത്തിലല്ല അത് വസിക്കുന്നതെങ്കിലും, ഇന്ന്, ഹൃദയത്തെ അറിയപ്പെടുന്നത് വികാരത്തിന്റെ കേന്ദ്രമായിട്ടാണ്. വർഷങ്ങൾക്ക് മുൻപ് “കിഡ്ണി” എന്ന വാക്ക് അക്ഷരികമായി ശരീരത്തിന്റെ ഒരു ഭാഗമാണെങ്കിലും, അർത്ഥമാക്കിയിരുന്നത് മനസിനെയാണ്. [34]മത്തായി 16:27; റോമർ 2:6; 2 കൊരിന്ത്യർ 5:10; 11:15; വെളിപ്പാട് 20:11, 12 നോക്കുക. [35]മുൻപ് പറഞ്ഞതുപോലെ, എഴുത്തുകളിലെല്ലാം ഏഴ് മൂലകങ്ങളാണ് അടിസ്ഥാനപരമായി ഉള്ളതെങ്കിലും, സമയാസമയങ്ങളിൽ അതിനു വ്യതിയാനങ്ങൾ വരുന്നുണ്ട്. അത്തരം വ്യതിയാനങ്ങളിൽ ഒന്നാണിത്: യേശു നിന്ന് ഇടവകയിലെ “വിശ്വസ്തരായ ചിലരോട്” സംസാരിക്കുന്നു. [36]അച്ചടക്കം വരുത്തുവാൻ മൂപ്പന്മാർക്ക് മാത്രമെ അവകാശമുള്ളു എന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. രണ്ട് പോയിന്റുകൾ ഊന്നി പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്: (1) ഇടവകയിൽ അച്ചടക്കം നടത്തേണ്ട അവസരം വരുമ്പോൾ, സഭയിലെ ദൈവത്താൽ - നിയോഗിക്കപ്പെട്ട അദ്ധ്യക്ഷന്മാരായ മൂപ്പന്മാർ അതിന് മുന്നിട്ടിറങ്ങണം, (2) ക്രമം കെട്ടുനടക്കുന്നവരെ അവർ അച്ചടക്കനടപടിക്ക് വിധേയരാക്കുന്നില്ലെങ്കിൽ, സഭയിൽ അച്ചടക്കമുണ്ടാകുകയില്ല. [37]എന്തായിരുന്നു ആ “ഭാരം” എന്നതിനെ കുറിച്ച് വ്യാഖ്യാതാക്കൾക്കിടയിൽ നേരിയ അഭിപ്രായവ്യത്യാസങ്ങളുണ്ട്, എന്നാൽ അത് യേശുവിന്റെ ഇഷ്ടമായി എല്ലാവരും സമ്മതിക്കും. “ഭാരം” എന്ന വാക്ക് കാണുന്ന മറ്റു രണ്ടു വേദഭാഗങ്ങളിലേക്ക് പല എഴുത്തുകാരും നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നുണ്ട്: മത്തായി 11:28-30-ൽ (കെജെവി),

"ഭാരം" എന്നതു ക്രിസ്തുവിനോടുള്ള അനുസരണമാണ്, പ്രവൃത്തികൾ 15:28, 29-ൽ പറഞ്ഞിരിക്കുന്ന "ഭാരം" ജാതികളിൽനിന്നുള്ള ക്രിസ്ത്യാനികൾ അടിസ്ഥാനപരമായ ചില കല്പനകൾ അനുസരിക്കുന്നതിനെ കുറിച്ചാണ് സൂചിപ്പിക്കുന്നത്. ചിലർ വിചാരിക്കുന്നത് വെളിപ്പാട് 2:24 ലെ "ഭാരം" എന്നത് ഈസെബേൽ ക്രിസ്ത്യാനികളെ അനുസരിപ്പാൻ പ്രോൽസാഹിപ്പിച്ച പാപത്തിൽനിന്ന് വിട്ടുനിൽക്കുന്നതിനെയാണ് അർത്ഥമാക്കുന്നത് എന്നാണ്. [38]ക്രിസ്തീയ വിശ്വാസത്തിന് വിട്ടുവീഴ്ച്ച ചെയ്യുവാൻ നിർബ്ബന്ധിതമാകുമ്പോൾ, ചിവലപ്പോൾ ഇടവക വിട്ടുപോകേണ്ടതായും വന്നേക്കാം, എന്നാൽ അത്തരത്തിലുള്ള സാഹചര്യമായിരുന്നില്ല തുയഥൈരയിലും, എന്റെ സ്നേഹിതൻ സംബന്ധിച്ച ഇടവകയിലും. [39]വാക്യം 22 ലെ "അവളുടെ പ്രവൃത്തിയിലും", വാക്യം 26 ലെ "എന്റെ പ്രവൃത്തിയിലും" അന്തരമുണ്ട്. തുയഥൈരയിലുള്ളവർക്ക് യേശുവിന്റെ പ്രവൃത്തിയും ഈസെബേലിന്റെ പ്രവൃത്തിയും ഒരേസമയത്ത് ചെയ്യുവാൻ സാധ്യമല്ലായിരുന്നു. [40]സങ്കീർത്തനങ്ങളുടെ മൊത്തത്തിലുള്ള സന്ദർഭത്തിൽ, സങ്കീർത്തനങ്ങൾ 2:9 പരിഗണിക്കുക.

[41]റോമർ 5:17 നോക്കുക. [42]"ഉദയനക്ഷത്രം" മിക്കവാറും വീനസ് എന്ന ഗൃഹമായിരിക്കും, ചിലപ്പോൾ അത് മാർസ് ഗൃഹമായിരിക്കയും ചെയ്യും. [43]ചാൾസ് ആർ.സ്വൈന്റൽ, ലെറ്റേഴ്സ് ടു ചർച്ചസ് ... ദെൻ ആന്റ് നൗ (ഫുളർടോൺ, കാലിഫ്.ഇൻസൈറ്റ് ഫോർ ലിവിങ്ങ്, 1986), 29. എന്റെ രണ്ട് പ്രായോഗികതകളും സ്വിന്റലിന്റേതിനോട് സമാനമാണ്; രണ്ടെണ്ണത്തിന് വ്യത്യാസവുമുണ്ട്. [44]ഇബിഡ്., 29. [45]ഈ പാഠം ഒരു പ്രസംഗത്തിന് ഉപയോഗിക്കുകയാണെങ്കിൽ, പാപത്തിൽ തന്നെ കഴിയുന്നവരോടും തെറ്റിപ്പോയ ക്രിസ്ത്യാനികളോടും എന്തു ചെയ്യണമെന്ന് വചനത്തിൽകൂടെ പ്രബോധിപ്പിക്കണം (പ്രവൃത്തികൾ 2:38; 8:22). [46]റേ സമ്മേഴ്സ്, വർതി ഈസ് ദ ലാമ്പ് (നാഷ്വിലേ: ബ്രോഡ്മാൻ പ്രസ്, 1951), 119. (എംഫസിസ് ഹിസ്.)

---

## പുനരവലോകനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ

1. തുയഥൈര എന്ന വാക്ക് നാം പുതിയ നിയമത്തിൽ മറ്റെവിടെയെങ്കിലും കാണുന്നുണ്ടോ?
2. എല്ലാ എഴുത്തുകളിലും വെച്ച് തുയഥൈരക്കുള്ള എഴുത്ത് ഏറ്റവും നീണ്ടതാണെന്ന് കരുതുവാൻ കാരണം എന്ത്?
3. തുയഥൈരയിലെ ക്രിസ്ത്യാനികൾക്ക് അവിടത്തെ സംഘടനകൾ ചെലുത്തിയ സമ്മർദ്ദം വിവരിക്കുക. ആ സാഹചര്യത്തെ ക്രിസ്ത്യാനികൾ എങ്ങനെ തരണം ചെയ്തുവെന്നാണ് നിങ്ങൾ കരുതുന്നത്?
4. ഈ എഴുത്തിലെ യേശുവിന്റെ വിവരണം എഴുതുക. ഈ ശക്തി പ്രകടനം എന്തുകൊണ്ട് തുയഥൈരയിലെ സഭയ്ക്ക് ആവശ്യമായി?
5. ആ ഇടവകയുടെ നല്ല ഗുണങ്ങൾ എന്തെല്ലാമായിരുന്നു?
6. പഴയനിയമത്തിലെ ഈസെബേലിനെ കുറിച്ച് നിങ്ങൾക്ക് അറിയാവു ന്നത് എഴുതുക. ഏതെല്ലാം വിധത്തിലാണ് അവൾ തുയഥൈ രയിലെ ഈസെബേലുമായി ഒത്തിരിക്കുന്നത്? ഏതെല്ലാം വിധത്തിലാണ് വ്യത്യസ്തമായിരിക്കുന്നത്?
7. സ്ത്രീകൾക്ക് മൂപ്പന്മാരടെ സ്ഥാനത്തെത്തുവാനോ, പരസ്യാരാധ നയിൽ നേതൃത്വം കൊടുപ്പാനോ കഴിയുകയില്ലെങ്കിലും, അവർക്ക് തങ്ങളുടെ സ്വാധീനശക്തി ചെലുത്തുവാൻ കഴിയുകയില്ലേ?

ഈസെബേലിന് തിന്മക്കായി സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞിരുന്നു. പുതിയനിയമത്തിൽ നന്മക്കായി സ്വാധീനം ചെലുത്തിയ ചിലരെ പറയുക.

8. എന്തുകൊണ്ട് സഭ ഈസെബേലിനേയും അനുയായികളെയും അച്ചടക്കം വരുത്തിയില്ല എന്നതിന് സാധ്യതയുള്ള ചില കാരണങ്ങൾ നൽകുക.
9. ദൈവം ഈസെബേലിന് മാനസാന്തരപ്പെടുവാൻ അവസരം കൊടുത്തത് വിവരിക്കുക. വേറെ ദുഷ്ടജനത്തിന് മാനസാന്തരപ്പെടുവാൻ അവസരം കൊടുത്തതിന്റെ ഓർമ്മ വരുന്നുണ്ടോ?
10. മാനസാന്തരപ്പെടാത്തവർക്ക് യേശു രോഗവും അതികഷ്ടതയും വരുത്തും എന്നു പറഞ്ഞതിന്റെ അർത്ഥം എന്താണ്?
11. ഇടവക ആകേണ്ടതുപോലെ ആയില്ലെങ്കിലും, നിങ്ങൾക്ക് വിശ്വസ്തനായി തുടരുവാൻ കഴിയുമോ? മൂപ്പന്മാർ എടുക്കുന്ന തീരുമാനത്തോട് യോജിക്കുവാൻ സാധ്യമല്ലാത്തകാരണത്താൽ ഇടവക വിട്ടുപേ ാകാമോ?
12. ഇപ്പോൾ നാം ക്രിസ്തുവിനോടുകൂടി വാഴുന്നു എന്ന് പറഞ്ഞിരിക്കുന്നത് ഏത് അർത്ഥത്തിലാണ്?
13. ആകാശത്തിൽ നിങ്ങൾ എപ്പോഴെങ്കിലും “ഉദയനക്ഷത്ര” ത്തെ കണ്ടിട്ടുണ്ടോ? വെളിപ്പാടിലെ “ഉദയ നക്ഷത്രം” എന്താണ് (അല്ലെങ്കിൽ ആരാണ്)?

# അനുബന്ധ പഠനങ്ങൾ

## വെളിപ്പാട് പുസ്തകത്തിലെ ദൈവത്തിന്റെ രക്ഷാപദ്ധതി

വെളിപ്പാട് പുസ്തകം എഴുതിയിരിക്കുന്നത്, ആളുകൾ ക്രിസ്ത്യാനികളാകുന്നതിനല്ല, ക്രിസ്ത്യാനികളെ പ്രോൽസാഹിപ്പിക്കുന്നതിനാണ്. എങ്കിലും, കർത്താവിനോടുള്ള അടിസ്ഥാന പ്രതികരണം പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത് വരുവാനുള്ള ക്രിസ്തുവിനായി ഒരുങ്ങുവാൻ ആളുകളെ പ്രചോദിപ്പിക്കുന്നതാണ്.

യേശുവിന്റെ മരണമാണ് സുവിശേഷത്തിന്റെ കാതൽ, അത് വെളിപ്പാടിൽ ഉടനീളം ഊന്നി പറയുന്നുണ്ട്. അവൻ "നമ്മുടെ പാപം പോക്കി നമ്മെ അവന്റെ രക്തത്താൽ വിടുവിച്ചു" (1:5). "സകല ജാതികളിൽനിന്നും ഭാഷക്കാരിൽനിന്നും, ആളുകളെ" ദൈവത്തിനായി വിലയ്ക്ക് വാങ്ങി (5:9). (കൂടാതെ 7:14; 11:8; 12:11 ഉം നോക്കുക.)

ക്രിസ്ത്യാനികളായാലും അ - ക്രൈസ്തവരായാലും കർത്താവിനോടുള്ള പ്രതികരണം "വിശ്വസിക്കയും അനുസരിക്കയും ചെയ്യുക" എന്ന രണ്ടു വാക്കിൽ ചുരുക്കി പറഞ്ഞിരിക്കുന്നു. "ദൈവകൽപനകൾ പ്രമാണിച്ചവരും യേശുക്രിസ്തുവിന്റെ സാക്ഷ്യം പിടിച്ചവരും" എന്നാണ് വെളിപ്പാടിൽ ദൈവജനത്തെ വിശേഷിപ്പിച്ചിരിക്കുന്നത് (12:17). "യേശുക്രിസ്തുവിൽ വിശ്വസിച്ചവരും ദൈവകൽപനകൾ പ്രമാണിച്ചവരും" ആണ് ജയിക്കുന്നത് (14:12; കൂടാതെ 2:13, 19 ഉം നോക്കുക).

വെളിപ്പാടിൽ, പാപികളുടെ രക്ഷക്കുള്ള വാക്കുകൾ പറയാതെ, മുൻകൂട്ടി ഉദ്ദേശിച്ചിരിക്കയാണ്. എല്ലാവരും - തെറ്റിപ്പോയ ക്രിസ്ത്യാനികളും ക്രിസ്ത്യാനികളാകാത്തവരും - മാനസാന്തരപ്പെടേണ്ടതുണ്ട് (2:5, 16, 21, 22; 3:3, 19; 9:20, 21; 16:9, 11). വിശ്വസ്തരുടെ പേരുകളാണ് യേശു ഏറ്റു പറയുന്നത് (3:5). അത് നാം അവനെ ഏറ്റുപറയുന്നതുമായുള്ള ബന്ധത്തിൽ വാഗ്ദാനം ചെയ്തിരിക്കുന്നതാണ് (മത്തായി 10:32, 33). കുഞ്ഞാടിന്റെ രക്തത്തിൽ നമ്മുടെ അങ്കി നാം അലക്കി വെളുപ്പിക്കുന്നതിനെ കുറിച്ച് വായിക്കുമ്പോൾ (7:14; 22:14) നമ്മെ പ്രവൃത്തികൾ 22:16 ആണ് ഓർപ്പിക്കുന്നത്: "എഴുന്നേറ്റ് അവന്റെ നാമം വിളിച്ച് പ്രാർത്ഥിച്ച് സ്നാനം ഏറ്റ് നിന്റെ പാപങ്ങളെ കഴുകിക്കളക." (എംഫസിസ് മൈൻ.)

തീർച്ചയായും, വെളിപ്പാടിലെ ഊന്നൽ ഇതാണ്: ഒരിക്കൽ നിങ്ങൾ സ്നാനം ഏറ്റാൽ - എന്തു സംഭവിച്ചാലും കർത്താവിനോട് വിശ്വസ്തനായിരിക്ക. "മരണപര്യന്തം വിശ്വസ്തനായിരിക്ക, എന്നാൽ ഞാൻ ജീവകിരീടം നിനക്ക് തരും." (2:10; കൂടാതെ 2:13; 17:47 ഉം നോക്കുക).

കർത്താവിനെ പിൻപറ്റുവാൻ നിങ്ങൾ മറ്റുള്ളവരെ പ്രബോധിപ്പിക്കുമ്പോൾ, വെളിപ്പാട് പുസ്തകത്തിലെ മനോഹരമായ ക്ഷണം ഉപയോഗിക്കാവുന്നതാണ്:

> "ഞാൻ വാതിൽക്കൽനിന്നു മുട്ടുന്നു, ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും" (3:20).

> "വരിക" എന്ന് ആത്മാവും മണവാട്ടിയും പറയുന്നു, "കേൾക്കുന്നവനും വരിക എന്നു പറയട്ടെ, ദാഹിക്കുന്നവൻ വരട്ടെ, ഇഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ" (22:17; കൂടാതെ 2:7, 11, 17, 26–28; 3:5, 12, 21 നോക്കുക).

## ഏഴു സഭകൾക്കുള്ള യേശുവിന്റെ സന്ദേശങ്ങൾ

| | എഫെസൊസ് | സ്മുർന്ന | പെർഗമോസ് | തുയഥൈര | സർദ്ദീസ് | ഫിലദെൽഫിയ | ലവോദിക്യ |
|---|---|---|---|---|---|---|---|
| വന്ദനം | 2:1 | 2:8 | 2:12 | 2:18 | 3:1 | 3:7 | 3:14 |
| യേശുവിന്റെ വിവരണം | 2:1 | 2:8 | 2:12 | 2:18 | 3:1 | 3:7 | 3:14 |
| പ്രശംസ | 2:2, 3, 6 | 2:9, 10 | 2:13 | 2:19 | | 3:8–10 | |
| കുറ്റംവിധിക്കൽ | 2:4 | | 2:14,15 | 2:20–23 | 3:1, 2 | | 3:15, 17 |
| മുന്നറിയിപ്പും ഭീഷണിയും | 2:5 | | 2:16 | 2:21–25 | 3:2, 3 | | 3:16, 18, 19 |
| പ്രബോധനം | 2:7 | 2:11 | 2:17 | 2:29 | 3:6 | 3:11, 13 | 3:22 |
| വാഗ്ദാനം | 2:7 | 2:11 | 2:17 | 2:26–28 | 3:5 | 3:10, 12 | 3:20, 21 |